**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** | **30-01-2024 - ൽ മറുപടിയ്ക്ക്**

**പൊതു ചെലവുകൾ മുടങ്ങാതെയിരിക്കുന്നതിനുള്ള ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭരണഘടനാപരമായി ലഭിക്കേണ്ട നികുതി വിഹിതം കേന്ദ്രം വെട്ടിക്കുറച്ചതിലൂടെയും കടമെടുപ്പ് പരിധിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിലൂടെയും നേരിടുന്ന പ്രതിസന്ധിക്കിടയിലും പൊതു ചെലവുകൾ മുടങ്ങാതെ നടത്തുന്നതിന് സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ; | (എ) | സംസ്ഥാനം മുൻപ് അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത് . ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ് . ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സാമ്പത്തിക ഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ |


| | | | |
|---|---|---|---|
| | | | മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. |
| (ബി) | സംസ്ഥാനത്തുനിന്നും പിരിച്ചെടുക്കുന്ന വരുമാനത്തിന്റെ അറുപത്തി മൂന്ന് ശതമാനം കേന്ദ്ര സർക്കാരിലേക്ക് നൽകുമ്പോഴും ചെലവിന്റെ അറുപത്തി രണ്ട് ശതമാനം സംസ്ഥാനം വഹിക്കുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 2021-2026 വർഷങ്ങളിലേക്കുള്ള റിപ്പോർട്ട് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ആകെ വരുമാനത്തിന്റെ 62.7 ശതമാനം തുകയും കേന്ദ്ര സർക്കാരിന്റെ പക്കലാണെങ്കിലും ആകെ ചെലവുകളുടെ 62.4 ശതമാനം തുകയും വഹിക്കുന്നത് സംസ്ഥാനങ്ങളാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ബ്രാൻഡിംഗിന്റെ പേരിൽ ആരോഗ്യ മേഖലയിൽ ലഭിക്കേണ്ട തുക കേന്ദ്രസർക്കാർ അനുവദിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. കേന്ദ്രസർക്കാർ Branding മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന ചില പദ്ധതികളിൽ സിംഹഭാഗവും മറ്റ് ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാകാതിരിക്കുന്ന ഈ സന്ദർഭത്തിൽ പോലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം മുൻകൂറായി ചെലവഴിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

## Vertical Fiscal Imbalance

6.4 The Constitution empowered both the Union and the States to raise revenues from different sources of taxation and also assigned responsibilities to incur expenditure through

**Figure 6.1: India's Vertical Fiscal Gap (2018-19)**




subjects in three lists – Union List, State List and Concurrent List – in the Seventh Schedule. By Constitutional design, this distribution has assigned higher and more buoyant taxation and resource raising powers to the Union Government whereas higher responsibilities for incurring expenditure have been assigned to the States.

6.5 For example, in 2018-19, the Union Government raised 62.7 per cent of the aggregate resources raised by both the Union and States, whereas the States spent 62.4 per cent of the aggregate expenditure of the Union and the States (Figure 6.1). There is thus a structural vertical imbalance which necessitates orderly transfer of resources from the Union to the States. At an aggregate level in 2018-19, the States could generate their own resources to meet only 44.8 per cent of their total expenditure. This means that the remaining 55.2 per cent needed financing through vertical resource transfers and/or by contracting debt.

6.6 Due to this basic design, the Constitution has stipulated that the Finance Commission assess the vertical fiscal imbalance which is likely to arise during its award period and recommend the sharing of resources based on such assessment.

## Vertical Sharing

6.7 Finance Commissions, historically, have been recommending a proportion of the taxes collected by the Union Government for devolution to the States. Until the Tenth Finance Commission (FC-X), separate percentages were recommended for devolution of income tax and Union excise duties. However, after the Eightieth Amendment to the Constitution, net proceeds of all taxes[1] (after deducting cess, surcharge, and cost of collection) collected by the Union are shareable with the States. These constitute the divisible pool of taxes. The States' shares in the divisible pool recommended by the last four Finance Commissions is given in Table 6.1.

[1] Articles 270 and 279 read together defines 'Net proceeds of taxes' as all the taxes, except cess and surcharges, reduced by cost of collection.